പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *157 — 04.11.2019 ൽ മറുപടിക്ക്

## കിയാലിന്റെ ആഡിറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം<br>,, എ.പി. അനിൽ കുമാർ<br>,, കെ.എസ്.ശബരീനാഥൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2015-16 സാമ്പത്തിക വർഷം വരെ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ ആർക്കാണ് അധികാരം ഉണ്ടായിരുന്നത്; | (എ) യും (ബി) യും | 2013-2014 സാമ്പത്തിക വർഷം വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ കണക്കുകൾ സി.ഐ.ജി നിയമിക്കുന്ന ഓഡിറ്ററും, 2014-2015 സാമ്പത്തിക വർഷം മുതൽ കമ്പനിയുടെ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർമാരുമാണ് നിയമപരമായി കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടിയിരുന്നത്. 1956-ലെ കമ്പനി നിയമം നിലവിലുണ്ടായിരുന്നപ്പോൾ സി.ഐ.ജി ആയിരുന്നു കണ്ണൂർ എയർപോർട്ടിൽ ഓഡിറ്റ് നടത്തേണ്ടിയിരുന്നത്. എന്നാൽ 2014 ഏപ്രിൽ 01 മുതൽ 1956 ലെ പഴയ നിയമത്തിനെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് (repealed) 2013-ലെ കമ്പനി നിയമം നിലവിൽ വന്നു. 1956-ലെ കമ്പനി നിയമം 619 B പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകളുടെ ഓഹരി നിക്ഷേപം കൂടി കണക്കാക്കിയാണ് സർക്കാർ കമ്പനിയാണോ അല്ലയോ എന്ന് നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തത്. ഇപ്രകാരം 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടെങ്കിൽ അത്തരം കമ്പനികളെ സർക്കാർ കമ്പനികളായി പരിഗണിക്കുകയും അവയുടെ ഓഡിറ്റ് സിഐഎ.ജി നിയമിക്കുന്ന ഓഡിറ്റർ മുഖേനയാണ് നടത്തി വന്നിരുന്നത്. എന്നാൽ പുതിയ കമ്പനി നിയമം 2013 ൽ നിലവിൽ വന്നപ്പോൾ 1956-ലെ കമ്പനി നിയമത്തിലെ 619 B ക്ക് സമാനമായ വകുപ്പ് ഉൾക്കൊള്ളിച്ചിട്ടില്ല. പുതിയ കമ്പനി നിയമപ്രകാരം സർക്കാരിന് 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപമുള്ള കമ്പനികളിൽ (ഗവൺമെന്റ് കമ്പനികൾ) മാത്രമാണ് സി.ഐ.ജി ഓഡിറ്റ് ആവശ്യമായി വരുന്നത്. ഇതിനു പുറമേ 2013-ലെ കമ്പനി നിയമത്തിലെ 139(5) വകുപ്പ് പ്രകാരം സർക്കാരിന് "നിയന്ത്രണം" ഉള്ള കമ്പനികളിലും സി.ഐ.ജി ഓഡിറ്റ് ബാധകമാണ്. കമ്പനി നിയമത്തിലെ 2(27) ഉപവകുപ്പിൽ സർക്കാർ നിയന്ത്രണം എന്നത് നിർവ്വചിച്ചിരിക്കുന്നു. കമ്പനികളുടെ ഡയറക്ടർ |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സി ആന്റ് എ.ജി. ക്ക് അധികാരമില്ലായെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി., സി ആന്റ് എ.ജി. ക്ക് 2017 ജൂണിൽ കത്ത് നൽകിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ ഭൂരിപക്ഷം ഡയറക്ടർമാരേയും സർക്കാർ നിയമിക്കുകയോ അല്ലെങ്കിൽ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ്, മാനേജ്മെന്റ് റൈറ്റ്സ്, വോട്ടിംഗ് എഗ്രിമെന്റ് തുടങ്ങിയ എഗ്രിമെന്റുകളിൽ കൂടി കമ്പനികളുടെ പ്രധാനപ്പെട്ട/നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ സർക്കാരിന് നിയന്ത്രണമുണ്ടായിരിക്കുകയോ ചെയ്താൽ, അങ്ങനെയുള്ള കമ്പനികൾ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളായി കണക്കാക്കപ്പെടുന്നു. ഇങ്ങനെയുള്ള നിയന്ത്രണമുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടത് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ അനുസരിച്ചാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ആർട്ടിക്കിൾസ് പ്രകാരം ഡയറക്ടർ ബോർഡിൽ മൂന്നിലൊന്ന് ഡയറക്ടർമാരെ സർക്കാരിന് നിയമിക്കാം എന്ന അവകാശത്തിനു പുറമേ മറ്റെന്തെങ്കിലും അധികാരങ്ങൾ സർക്കാരിനു കൊടുക്കുന്ന ധാരണാ പത്രങ്ങളോ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റോ വോട്ടിംഗ് എഗ്രിമെന്റോ നിലവിലില്ല. സർക്കാരിന് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡിൽ ഭൂരിപക്ഷം ഇല്ലാത്തതിനാലും മറ്റ് നിയന്ത്രണങ്ങൾ ഒന്നും ഇല്ലാത്തതിനാലും. മുകളിൽ സൂചിപ്പിച്ച മറ്റു വ്യവസ്ഥകൾ കൂടി കണക്കിലെടുത്തും പാർലമെന്റ് പാസ്സാക്കിയ 2013-ലെ കമ്പനി നിയമമനുസരിച്ച് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഒരു സർക്കാർ കമ്പനിയോ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയോ അല്ല. ആയതു കാരണം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത് കമ്പനിയുടെ ഉടമസ്ഥരായ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർ ആണ്.<br>കണ്ണൂർ വിമാനത്താവള കമ്പനിയിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്.<br>മേൽ കാരണങ്ങളാൽ കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സി ആന്റ് എ.ജി.-ക്ക് അധികാരമില്ലായെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി. കത്ത് നൽകിയിരുന്നു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും ഈ നിലയിൽ തന്നെയാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവള കമ്പനിയെ ഏതുവിധത്തിൽ ഓഡിറ്റ് ചെയ്യണമെന്ന് സർക്കാരിന് നിഷ്കർഷിക്കാനാകില്ല. |
| (സി) | കിയാലിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി നിലവിൽ എത്ര ശതമാനം ഓഹരിയുണ്ട്; അത് അൻപത് | (സി) | 2019 സപ്തംബർ 30 ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി ഘടന താഴെ വിവരിക്കും പ്രകാരമാണ്. |

ശതമാനത്തിന് മുകളിലാണോയെന്ന് വ്യക്തമാക്കാമോ?

| | | |
|---|---|---|
| 1 | കേരള സർക്കാർ | 32.99% |
| 2 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 17.88% |
| 3 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1.95% |
| 4 | എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ | 8.25% |
| 5 | ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷണൽ ബൈയേർസ്, വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ/ സൊസൈറ്റികൾ, സമയാസമയങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന നിയമാനുസൃത സ്ഥാപനങ്ങൾ എന്നിവർ ഉൾപ്പടെ | 38.93% |

സർക്കാരിന് 32.99 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 19.84 ശതമാനവും ഓഹരിയാണ് ഉള്ളത്.

സെക്ഷൻ ഓഫീസർ